പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011-2014)

## രണ്ടാമത് റിപ്പോർട്ട്

(2012 മാർച്ച് 21-ാം തീയതി സമർപ്പിച്ചത്)

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

## രണ്ടാമത് റിപ്പോർട്ട്

(2012 മാർച്ച് 21–ാം തീയതി സമർപ്പിച്ചത്)

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

352/2012.

ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | |
| അദ്ധ്യായം I : | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശുപാർശകൾ, അവ സംബന്ധിച്ച സർക്കാർ മറുപടികൾ, സമിതി ആരാഞ്ഞ അധികവിവരങ്ങൾ, അധികവിവരങ്ങളടങ്ങുന്ന സർക്കാർ മറുപടികൾ, സമിതിയുടെ തുടർ നിർദ്ദേശങ്ങൾ എന്നിവ | .. | 2 |
| അനുബന്ധം I : എസ്. ആർ. ഒ. നമ്പർ 272/2011 | .. | 16 |
| അനുബന്ധം II : ഓർഡിനൻസ് നമ്പർ 49/2011 | .. | 21 |
| അനുബന്ധം III : എസ്. ആർ. ഒ. നമ്പർ 49/2009 | .. | 30 |
| അനുബന്ധം IV : എസ്. ആർ. ഒ. നമ്പർ 1065/2009 | .. | 33 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. എം. ഉമ്മർ

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്.

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011–2014) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006–2008)-യുടെ ആറാമത് റിപ്പോർട്ട് 2008 മാർച്ച് 17-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതി വിവിധ യോഗങ്ങളിലായി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 മാർച്ച് 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

# പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

## അദ്ധ്യായം I

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2006-08)-യുടെ ആറാമത് റിപ്പോർട്ട് 2008 മാർച്ച് 17-ാം തീയതിയാണ് സഭയിൽ സമർപ്പിക്കപ്പെട്ടത്. 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ടിലെ 25-ാം വകുപ്പ് പ്രകാരം നല്കപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 621/2004) സംബന്ധിച്ച് സമിതി നടത്തിയ പഠനത്തിന്റേയും തെളിവെടുപ്പിന്റേയും ചർച്ചകളുടേയും അടിസ്ഥാനത്തിലുള്ള സമിതിയുടെ അഭിപ്രായങ്ങളും ശുപാർശകളുമടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ ആകെ 15 ശുപാർശകൾ ഉണ്ടായിരുന്നു. 15 ശുപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമിതി വിശദമായി പരിശോധിക്കുകയും 17-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ മൂന്ന് പ്രാവശ്യവും മറ്റ് ശുപാർശകളിന്മേൽ ഒരു പ്രാവശ്യവും അധികവിവരം ആരായുകയും ടി ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിന് നിയമ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

സമിതിയുടെ ശുപാർശകൾ, അവ സംബന്ധിച്ച് ലഭിച്ച സർക്കാർ മറുപടികൾ, സർക്കാർ മറുപടികളിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങൾ, അധിക വിവരങ്ങളടങ്ങുന്ന സർക്കാർ മറുപടികൾ, സമിതിയുടെ തുടർനിർദ്ദേശങ്ങൾ എന്നിവ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ ബന്ധപ്പെട്ട ഓർഡിനൻസ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

352/2012.

## അദ്ധ്യായം II

## സമിതി (2006-08)-യുടെ ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ, സർക്കാർ മറുപടികൾ, സമിതി ആരാഞ്ഞ അധികവിവരങ്ങൾ, അധികവിവരങ്ങളടങ്ങുന്ന സർക്കാർ മറുപടികൾ എന്നിവ

സമിതി (2006-08)-യുടെ ആറാമത് റിപ്പോർട്ടിലെ 5, 6, 7, 8, 9, 10, 11, 12, 14, 15, 16, 18, 19, 20 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ 28-11-2008-ലെ 17062/എച്ച്1/08/നിയമം നമ്പർ കത്തുമുഖേന യുള്ള മറുപടി 21-1-2009-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി നിയമ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു. 30-11-2011-ൽ ചേർന്ന സമിതിയോഗം ആയത് സംബന്ധിച്ച് നിയമ വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ മേല്പറഞ്ഞ ശുപാർശകൾ സംബന്ധിച്ച അന്തിമ സർക്കാർ മറുപടിയും (29-11-2011-ലെ 23710/ കെ.എൽ.ബി.എഫ്$_2$/11/നിയമം നമ്പർ കത്തുമുഖേനയുള്ള) ലഭ്യമാക്കുകയുണ്ടായി. ടി മറുപടി 22-12-2011-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ മേല്പറഞ്ഞ ശുപാർശകൾ, അവ സംബന്ധിച്ച് 28-11-2008-ലെ കത്തുമുഖേന ലഭ്യമാക്കിയ മറുപടി, 29-11-2011-ലെ കത്തുമുഖേന ലഭ്യമാക്കിയ അന്തിമ മറുപടി എന്നിവ ചുവടെ ചേർക്കുന്നു:

### 5-ാം ഖണ്ഡികയിലെ ശുപാർശ

ആക്ട് 20(ബി) വകുപ്പ് ഫണ്ടിലെ അംഗങ്ങൾക്കും, അവരുടെ ആശ്രിതർക്കും ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും വേണ്ട സൗകര്യങ്ങൾക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പെൻഷൻ ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾക്കും വ്യവസ്ഥ ചെയ്യാ വുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 11(1)-ലും ഫണ്ടിലെ ഒരംഗത്തിന് തൊഴിൽ അവസാനിപ്പിക്കുമ്പോൾ, ഒരു അഡ്വക്കേറ്റ് ക്ലാർക്ക് ആയി അയാൾ തൊഴിൽ ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി, പട്ടികയിൽ പ്രത്യേകം പറഞ്ഞി ട്ടുള്ള നിരക്കുകളിൽ ഒരു സഞ്ചിത തുകയും പെൻഷനും ഫണ്ടിൽ നിന്നും ലഭിക്കുന്ന തിന് അർഹത ഉണ്ടായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വക്കേറ്റ് ക്ലാർക്കുമാർക്കുള്ള പെൻഷൻ പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. അഡ്വക്കേറ്റ് ക്ലാർക്കായി കുറഞ്ഞത് 10 വർഷം ജോലി ചെയ്തുവരുന്നവരും ക്ഷേമനിധിയിൽ അംഗമാവുകയും വാർഷിക വരിസംഖ്യ അടയ്ക്കുകയും നിയമാനുസൃതരേഖകൾ ലഭിക്കുകയും ചെയ്തിട്ടുള്ളവരും 60 വയസ്സ് പൂർത്തിയായിട്ടുള്ളവരുമായ അഡ്വക്കേറ്റ് ക്ലാർക്കുമാർ ജോലിയിൽ നിന്നും വിരമിക്കുമ്പോൾ കുറഞ്ഞത് 750 രൂപയും പരമാവധി 1,500 രൂപയും പെൻഷനായി ലഭിക്കത്തക്കവിധത്തിലുള്ള ഒരു പെൻഷൻ പദ്ധതി നടപ്പാക്കണമെന്നും അംഗത്തിന്റെ മരണശേഷം നോമിനികൾക്ക്/അവകാശികൾക്ക് കുടുംബ പെൻഷൻ ക്ഷേമനിധി പെൻഷൻ പദ്ധതി പ്രകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ പ്രത്യേകം ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

“ഉചിതമായ ഒരു പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.”

29-11-2011-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"2012 ഏപ്രിൽ മാസം 30-ാം തീയതി 60 വയസ്സ് പൂർത്തിയാക്കിയവരും ക്ഷേമ നിധിയിൽ അംഗമായി ചേർന്ന് 8 വർഷം പൂർത്തിയായവരുമായ അംഗങ്ങൾക്ക് 500 രൂപാ വീതം പ്രതിമാസം പെൻഷൻ നൽകുന്നതിനും ഓരോ വർഷത്തെ സേവനത്തിനും 10 രൂപാ വീതം കൂട്ടി പരമാവധി 600 രൂപാവരെ പെൻഷൻ നൽകുവാനും പെൻഷൻ ലഭിക്കുന്ന ഒരാൾ മരണപ്പെട്ടാൽ അയാളുടെ പെൻഷൻ തുകയുടെ 50 ശതമാനം കുടുംബപെൻഷനായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു. ആയതിലേക്ക് 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങൾ ഭേദഗതി ചെയ്തു (11-4-2011 തീയതിയിലെ S.R.O. No. 272/11-അനുബന്ധം-I). കൂടാതെ പെൻഷൻ സംബന്ധിച്ച വിശദമായ ഒരു പദ്ധതി തയ്യാറാക്കിയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പദ്ധതി സംബന്ധിച്ച ചില കൂടുതൽ വിശദാംശങ്ങൾ ധനവകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.”

6-ാം ഖണ്ഡികയിലെ ശുപാർശ

ഹൈക്കോടതി ഉൾപ്പെടെയുള്ള എല്ലാ കോടതികളും വ്യവഹാരത്തിനായി സമീപിക്കുന്ന കക്ഷികളിൽ നിന്നും വക്കാലത്തിൽ പതിക്കുന്നതിനായി അഡ്വക്കേറ്റ് ക്ലാർക്ക് വെൽഫെയർ ഫണ്ട് സ്റ്റാമ്പ് എന്ന മുദ്രണത്തോടുകൂടിയുള്ള സ്റ്റാമ്പിന്റെ വിലയായി ഇപ്പോൾ രണ്ട് രൂപയാണ് ഈടാക്കിവരുന്നത്. ഈ തുക കക്ഷികളിൽ നിന്നും ഈടാക്കാൻ പാടില്ലായെന്നും അഡ്വക്കേറ്റ് ക്ലാർക്കുമാർ അവർക്കു ലഭിക്കുന്ന റൈറ്റിംഗ് ചാർജ്ജിൽ നിന്ന് വാങ്ങേണ്ടതാണെന്നും സമിതി ഇത്തരുണത്തിൽ പ്രത്യേകം നിഷ്ക്കർഷിക്കുന്നു. ക്ഷേമനിധി ഫണ്ടിലേക്കുള്ള പ്രധാന ധനാഗമമാർഗ്ഗം ഇതുതന്നെയാണെന്നതിനാൽ ഫണ്ടിൽ നിന്നുള്ള അധികരിച്ച ചെലവ് പരിഗണിച്ച് സ്റ്റാമ്പ് വില 2 രൂപയിൽ നിന്ന് 6 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"2-8-2008 തീയതിയിലെ 34-ാം നമ്പർ ഓർഡിനൻസ് [2008-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് (ഭേദഗതി) ഓർഡിനൻസ്] പ്രകാരം സ്റ്റാമ്പിന്റെ വില 2 രൂപയിൽ നിന്നും 6 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത അധിക ബാദ്ധ്യത കക്ഷികളിൽ നിന്നും ഈടാക്കാൻ പാടില്ലായെന്നുള്ള സമിതിയുടെ നിഷ്കർഷ ബന്ധപ്പെട്ട അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനുകളെ അറിയിക്കുന്നതാണ് എന്ന് അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്.”

7-ാം ഖണ്ഡികയിലെ ശുപാർശ

അഡ്വക്കേറ്റ് ക്ലാർക്ക് എന്ന തൊഴിലിൽ നിന്നും റിട്ടയർ ചെയ്യുന്നവരുടേയും തൊഴിൽ അവസാനിപ്പിക്കുന്നവരുടേയും എണ്ണം വരും കാലങ്ങളിൽ വളരെ വർദ്ധിക്കുമെന്നുള്ളതിനാൽ ക്ഷേമനിധി ഫണ്ടിന്റെ സാമ്പത്തിക സുസ്ഥിരതയ്ക്ക് കോട്ടം വരാനുള്ള സാധ്യത കണക്കിലെടുക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഫണ്ടിൽനിന്നും ക്ഷേമനിധി തുകയായും മറ്റ് ക്ഷേമ ആനുകൂല്യങ്ങളായും നൽകേണ്ടി വരുന്ന വർദ്ധിച്ച തുകയ്ക്ക് അനുസൃതമായി ഫണ്ടിലേക്കുള്ള വരവും വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യങ്ങളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത സമിതി വാർഷിക വരിസംഖ്യ 200 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിക്കണമെന്നും നിയമാനുസൃതം നൽകേണ്ട ക്ഷേമനിധി തുക കാലോചിതമായി പരിഷ്കരിച്ച് ഒരു ലക്ഷം രൂപയിൽ നിന്ന് 2 ലക്ഷമായി വർദ്ധിപ്പിക്കണമെന്നും ശുപാർശ ചെയ്യുന്നു. ഓരോ തവണയും ക്ഷേമനിധി തുക വർദ്ധിപ്പിക്കുമ്പോൾ ഓരോ പ്രാവശ്യവും ആക്ടിൽ ഭേദഗതി വരുത്തേണ്ടിവരുമെന്ന പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കാൻ ക്ഷേമനിധി തുക വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിക്ക് നൽകുകയോ, അല്ലാത്തപക്ഷം കാലാനുസൃതമായി ക്ഷേമനിധി ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കുകയോ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"വാർഷിക വരിസംഖ്യ 200 രൂപയിൽ നിന്നും 400 രൂപയായി ടി ഓർഡിനൻസ് പ്രകാരം ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ട്. അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ ക്ഷേമനിധി തുക 1 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ സർക്കാർ ഇതിനകം തീരുമാനിച്ചിട്ടുണ്ട്. തീരുമാനത്തിന് വിധേയമായി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. ഓരോ തവണയും ക്ഷേമനിധി തുക വർദ്ധിപ്പിക്കുമ്പോൾ ഓരോ പ്രാവശ്യവും ആക്ടിൽ ഭേദഗതി വരുത്തേണ്ടിവരുമെന്ന പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കുന്നത് സംബന്ധിച്ച് സമിതിയുടെ ശുപാർശ സർക്കാർ തലത്തിൽ പരിശോധിച്ച് ഉചിതമായി തീരുമാനം എടുക്കുന്നതാണ്."

6, 7 ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച്
29-11-2011-ലെ കത്തുമുഖേന ലഭ്യമാക്കിയ സർക്കാർ മറുപടി

"അഡ്വക്കേറ്റ് ക്ലാർക്ക്സ് പെൻഷൻ ഫണ്ട് സ്റ്റാമ്പിന്റെ വില രണ്ടു രൂപയിൽ നിന്നും ആറു രൂപയായി ഉയർത്തിക്കൊണ്ടും വാർഷിക വരിസംഖ്യ 200 രൂപയിൽ നിന്നും 400 രൂപയാക്കിക്കൊണ്ടും 2009-ലെ 1-ാം ആക്ട് പ്രകാരം ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. കൂടാതെ വാർഷിക വരിസംഖ്യ 1,200 രൂപയായി വർദ്ധിപ്പിക്കുന്നതിനായി 2010-ലെ 57-ാം നമ്പരായി ഓർഡിനൻസ് പുറപ്പെടുവിക്കുകയും അവസാനമായി 2011 നവംബർ 18-ാം തീയതി 2011-ലെ 49-ാം നമ്പർ ഓർഡിനൻസായി പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം II). ക്ഷേമനിധിത്തുക ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട് (S.R.O. No. 49/2009 dated 22-1-2009 അനുബന്ധം III).

8-ാം ഖണ്ഡികയിലെ ശുപാർശ

4-3-2006-ൽ പുറപ്പെടുവിച്ച ഭേദഗതി ചട്ടം (അനുബന്ധം III) (എസ്.ആർ.ഒ. നമ്പർ 213/06) 2 (എ) പ്രകാരം ഒരംഗം ഫണ്ടിൽ അംഗമായി പ്രവേശിച്ച് അഞ്ച് വർഷത്തിനകം മരണം സംഭവിക്കുകയാണെങ്കിൽ ഫണ്ടിൽ നിന്ന് 15,000 രൂപ ആശ്രിതർക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 2 (ബി) (1) പ്രകാരം സ്ഥിരമായി അവശത അനുഭവിക്കുന്ന ഒരംഗത്തിന് അയാൾ ഫണ്ടിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനകം അംഗത്വം പിൻവലിക്കുന്നപക്ഷം അയാൾ അഡ്വക്കേറ്റ് ക്ലാർക്കായി കുറഞ്ഞത് പത്ത് വർഷമെങ്കിലും സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് 15,000 രൂപ ഫണ്ടിൽ നിന്ന് നൽകാവുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്. തീരെ അവശത അനുഭവിക്കുന്നവർ മാത്രമേ അഡ്വക്കേറ്റ് ക്ലാർക്ക് ജോലിയിൽ നിന്നും പിരിഞ്ഞുപോകാൻ തയ്യാറാവുകയുള്ളൂവെന്നും അവശത തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും നിർബന്ധമുള്ളതിനാൽ വളരെ പെട്ടെന്ന് പിരിഞ്ഞ് പോകാൻ സാധ്യതയില്ലെന്നതിനാൽ ഈ തുക വർദ്ധിപ്പിക്കേണ്ടതാണെന്ന ആവശ്യത്തിൽ കഴമ്പുണ്ടെന്നും ഈ ആവശ്യം തികച്ചും ന്യായയുക്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അഞ്ച് വർഷത്തിനകം മരിച്ചുപോകുകയോ അവശതമൂലം വിരമിക്കുകയോ ചെയ്യുന്ന വക്കീൽ ഗുമസ്ഥന്മാർക്കുള്ള ആനുകൂല്യം 15,000 രൂപയിൽ നിന്ന് 30,000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

“കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ടിന്റെ സാമ്പത്തിക ആസ്തികൾക്ക് വിധേയമായി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.”

29-11-2011-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

“ക്ഷേമനിധിയിൽ അംഗമായി പ്രവേശിച്ച് അഞ്ചു വർഷത്തിനുള്ളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്കും ക്ഷേമനിധിയിൽ അംഗത്വം ലഭിച്ച് 5 വർഷത്തിനുള്ളിൽ സ്ഥിരമായ അവശതമൂലം പിരിയേണ്ടിവരുന്ന അംഗങ്ങൾക്കും നൽകിവരുന്ന 15,000 രൂപ 30,000 രൂപയായും ഉയർത്തി ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതിക്ക് 16-12-2009 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട് [S.R.O. No. 1065/2009 dated 16-12-2009. G. O.(Ms.) No.179/2009 dated 15-12-2009 (അനുബന്ധം IV)].

9-ാം ഖണ്ഡികയിലെ ശുപാർശ

വിരമിക്കുന്ന അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ കാര്യത്തിൽ അംഗീകൃത മെഡിക്കൽ പ്രാക്ടീഷണർ ഉൾപ്പെട്ട മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട യൂണിറ്റിൽ നിന്നുള്ള സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട അഡ്വക്കേറ്റിന്റെ സർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായി ഹാജരാക്കുവാനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ ഉൾപ്പെടുത്തണമെന്നും ചട്ടം ദുരുപയോഗപ്പെടുത്തുവാനുള്ള എല്ലാ പഴുതുകളും അടയ്ക്കുവാൻ ഉതകത്തക്കവിധത്തിലുള്ള വ്യവസ്ഥകൾ മാത്രമേ കൊണ്ടുവരുവാൻ പാടുള്ളൂവെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഇപ്പോൾ പ്രാക്ടീസ് ചെയ്യാത്ത വക്കീൽ ഗുമസ്ഥൻമാർ, ജോലിയിൽ തുടരാത്ത വക്കീൽ ഗുമസ്ഥൻമാർ എന്നിവർ അഡ്വക്കേറ്റ്

ക്ലാർക്ക്സ് അസോസിയേഷനിലും ക്ഷേമനിധിയിലും അംഗങ്ങളായി തുടരുന്ന പ്രവണത അവസാനിപ്പിക്കണമെന്നും അങ്ങനെയുള്ളവരുടെ അംഗത്വം റദ്ദാക്കണമെന്നും ക്ഷേമനിധി ഫണ്ടിന്റെ ദുരുപയോഗം തടയുന്നതിന് ഇത് അത്യന്താപേക്ഷിതമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"ശുപാർശകൾ അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി ഗൗരവമായിതന്നെ കാണുന്നുണ്ട് എന്നും ജോലിയിൽ തുടരാത്ത വക്കീൽ ഗുമസ്തൻമാർ ക്ഷേമനിധിയിൽ അംഗങ്ങളായി തുടരുന്നുണ്ടോ എന്നത് പരിശോധനയ്ക്ക് വിധേയമാക്കുന്നതാണെന്നും കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി അറിയിച്ചിട്ടുണ്ട്."

29-11-2011-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"വിരമിക്കുന്ന അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ അപേക്ഷകളുടെ കൂടെ ആവശ്യമായ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ടുവരുന്നതും അപേക്ഷയുടെ നിജസ്ഥിതി അന്വേഷിച്ച് വരുന്നതും, കമ്മിറ്റിയിൽ വച്ച് നിർണ്ണയിച്ചതിനുശേഷം ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നതുമാണ്. ചട്ടം ദുരുപയോഗപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ട കേസുകളിൽ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്."

10-ാം ഖണ്ഡികയിലെ ശുപാർശ

2007 ജനുവരി ഒന്നു മുതൽ നടപ്പാക്കിയ മെഡിക്ലെയിം ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു അഡ്വക്കേറ്റ് ക്ലാർക്ക് അപകടം സംഭവിച്ചു മരിച്ചാൽ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും. പ്രസ്തുത ധനസഹായം അപകട മരണത്തിനുമാത്രമായി നിജപ്പെടുത്താതെ സ്വാഭാവിക മരണത്തിനും ആകസ്മിക മരണത്തിനും കൂടി ഈ ഇൻഷ്വറൻസ് ആനുകൂല്യം ബാധകമാക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ മാതാപിതാക്കളെ ക്കൂടി ഇൻഷ്വറൻസ് ആനുകൂല്യത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നും അവിവാഹിതരായ അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് ചികിത്സാ സഹായത്തിന്റെ കാര്യത്തിൽ മാതാപിതാക്കളിൽ ആരെയെങ്കിലും ഒരാളെ ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദേശിക്കാം എന്ന വ്യവസ്ഥ മാറ്റി മാതാപിതാക്കൾക്ക് ഒരുപോലെ ചികിത്സാ ധനസഹായം അനുവദിക്കണമെന്നും ഇൻഷ്വറൻസ് തുക ഒരു ലക്ഷത്തിൽ നിന്ന് 2 ലക്ഷമാക്കി ഉയർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"അപകടമരണത്തിന് ഇൻഷ്വറൻസ് കമ്പനി നൽകുന്ന 1 ലക്ഷം രൂപ 2 ലക്ഷമായി ഉയർത്തണമെന്നും, പ്രസ്തുത ധനസഹായം സ്വാഭാവിക മരണത്തിനും ബാധകമാക്കുന്നത് ഉചിതമായിരിക്കുമെന്ന നിർദ്ദേശം സംബന്ധിച്ച പ്രസ്തുത വിഷയം ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച ചെയ്ത് ആയതിന്റെ സാദ്ധ്യതകൾ ആരായുന്നതിന് കമ്മിറ്റി ശ്രമിക്കുന്നതാണ് എന്നും നിലവിലുള്ള ഇൻഷ്വറൻസ് പോളിസിയിൽ അർഹതയുള്ള അംഗങ്ങളുടെ മാതാപിതാക്കളെ മെഡിക്ലെയിം ഇൻഷ്വറൻസ് ആനുകൂല്യങ്ങൾക്ക് ഉൾപ്പെടുത്തിയിട്ടുണ്ട് എന്നും കമ്മിറ്റി സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

29-11-2011-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"ക്ഷേമനിധി അംഗത്തിനും അയാളുടെ കുടുംബത്തിനും പരമാവധി 25,000 രൂപാ വരെ റീഇംബേഴ്സ് ചെയ്യാവുന്ന തരത്തിലുള്ള മെഡിക്ലെയിം ഇൻഷ്വറൻസ് പദ്ധതി കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി നേരിട്ട് നടപ്പിലാക്കി വരുന്നു. അപകടമരണം സംഭവിക്കുന്ന അംഗത്തിന്റെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ ധനസഹായം നൽകുന്നത് തുടരുന്നതും വിരമിക്കൽ ധനസഹായം പരമാവധി 30 വർഷം സർവ്വീസ് ഉള്ളവർക്ക് ഒരു ലക്ഷത്തിൽ നിന്ന് രണ്ടു ലക്ഷമായി ഉയർത്തുകയും ചെയ്തിട്ടുണ്ട്."

11-ാം ഖണ്ഡികയിലെ ശുപാർശ

ക്ഷേമനിധിയിൽ അംഗങ്ങളായ അഡ്വക്കേറ്റ് ക്ലാർക്കുമാരിൽ നല്ലൊരു ശതമാനവും സ്വന്തമായി വീടില്ലാത്തവരും സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവർക്ക് സ്വന്തമായി വീട് നിർമ്മിക്കുന്നതിനും ഇപ്പോൾ താമസിക്കുന്ന വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ആവശ്യമായ ഭവന വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകളും ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ടിന്റെ സാമ്പത്തിക സ്ഥിതിയും കമ്മിറ്റിയിൽ നിന്നുള്ള വിശദാംശങ്ങളും ലഭ്യമായതിനുശേഷം പ്രായോഗികമെന്ന് തോന്നുന്നപക്ഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്."

12-ാം ഖണ്ഡികയിലെ ശുപാർശ

അംഗങ്ങളുടെ കുട്ടികളിൽ പലരും വിദ്യാഭ്യാസ രംഗത്ത് മികവ് പുലർത്തുന്നവരാണെങ്കിലും സാമ്പത്തിക പരാധീനതകൾമൂലം കുട്ടികളെ ഉപരിപഠനത്തിന് അയയ്ക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതായി സമിതിയുടെ തെളിവെടുപ്പുയോഗങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ ദുരവസ്ഥയ്ക്ക് പരിഹാരമായി ലളിതമായ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നും എസ്.എസ്.എൽ.സി. പരീക്ഷ മുതൽ എല്ലാ പരീക്ഷകൾക്കും ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന രണ്ട് കുട്ടികൾക്ക് ഓരോ ജില്ലയിലും ക്യാഷ് അവാർഡ് നൽകുന്നതിനുള്ള നടപടി ക്ഷേമനിധി പദ്ധതിയിലൂടെ നടപ്പിലാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"നിർദ്ദേശം സംബന്ധിച്ച് കമ്മിറ്റി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

11, 12 എന്നീ ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച് 29-11-2011-ലെ കത്തുമുഖേന ലഭ്യമായ സർക്കാർ മറുപടി

"ക്ഷേമനിധിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടതല്ലാത്തതിനാൽ ഈ ശുപാർശകൾ നടപ്പിലായിട്ടില്ല."

<u>14-ാം ഖണ്ഡികയിലെ ശുപാർശ</u>

ചട്ടം 15-ൽ 5,000 രൂപയിൽ കവിയാതെയുള്ള ആകസ്മിക ചെലവ് അനുവദിക്കുന്നതിന് ചെയർമാന് അധികാരമുണ്ടായിരിക്കുന്നതും ആയത് കമ്മിറ്റി മുമ്പാകെ അതിന്റെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമ വകുപ്പ് സെക്രട്ടറിയാണ് ബോർഡിന്റെ എക്സ് ഒഫീഷ്യോ ചെയർമാൻ. വകുപ്പു സെക്രട്ടറി എന്ന നിലയിൽ ഔദ്യോഗികമായ ശ്രദ്ധപതിയേണ്ടതും ഉത്തരവാദിത്വമേറിയതുമായ ചുമതലകൾ നിർവ്വഹിക്കുന്നതിനിടയിൽ ക്ഷേമനിധി ബോർഡിന്റെ ദൈനംദിന ഭരണനിർവ്വഹണത്തിന്റെ ചുമതലകൂടി വഹിക്കുക എന്നത് തീരെ അപ്രായോഗികവും ക്ഷേമനിധി ബോർഡിന്റെ സുഗമമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതുമാണെന്ന് സമിതി ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. തന്മൂലം ബോർഡിന്റെ ദൈനംദിന കാര്യങ്ങൾക്കുള്ള ചെലവ് പോലും ചെയർമാന്റെ അംഗീകാരം കൂടാതെ നടത്തുവാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് നിലനിൽക്കുന്നത്. ഇത് ബോർഡിന്റെ ദിവസേനയുള്ള പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ചെയർമാന് ഔദ്യോഗികമായ ചുമതലകൾ വേറെയും ധാരാളം നിർവ്വഹിക്കാനുണ്ടെന്നിരിക്കെ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് എന്ന നിലയിൽ 5,000 രൂപയിൽ കവിയാതെയുള്ള ആകസ്മിക ചെലവ് സെക്രട്ടറിക്ക് നിർവ്വഹിക്കാമെന്നും ആയത് അടുത്ത കമ്മിറ്റിയിൽ സമർപ്പിച്ച് സാധൂകരിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ചട്ടത്തിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി</u>

"ശുപാർശകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്."

<u>29-11-2011-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി</u>

"ആകസ്മിക ചെലവിനത്തിൽ നിലവിലുള്ള സ്ഥിതി പിൻതുടർന്നുവരുന്നു."

<u>15-ാം ഖണ്ഡികയിലെ ശുപാർശ</u>

ക്ഷേമനിധി കമ്മിറ്റിയുടെ ഓഫീസ് ഇപ്പോൾ തിരുവനന്തപുരത്താണ് പ്രവർത്തിക്കുന്നത്. കാസർഗോഡുമുതലുള്ള ജില്ലകളിലുള്ള അംഗങ്ങൾക്കും അപേക്ഷകർക്കും ക്ഷേമനിധി സ്റ്റാമ്പ് വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് തിരുവനന്തപുരത്ത് എത്തിച്ചേരേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ക്ഷേമനിധി കമ്മിറ്റിയുടെ മേഖലാ ഓഫീസുകൾ കോഴിക്കോടും എറണാകുളത്തും സ്ഥാപിക്കുന്നത് സൗകര്യപ്രദമായിരിക്കുമെന്ന ഒരു നിർദ്ദേശം സമിതി മുമ്പാകെ തെളിവെടുപ്പുവേളയിൽ ഉന്നയിക്കപ്പെടുകയുണ്ടായി. ഈ നിർദ്ദേശത്തിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ചും ഇതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്തും യുക്തമായ തീരുമാനം സർക്കാർതലത്തിൽ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

16-ാം ഖണ്ഡികയിലെ ശുപാർശ

ഹൈക്കോടതിയിലും കീഴ്ക്കോടതികളിലുമായി 12 ലക്ഷം കേസുകൾ ഒരു വർഷം ഫയൽ ചെയ്യുന്നുണ്ട്. ട്രൈബ്യൂണലുകൾ, താലൂക്ക് ഓഫീസുകൾ, മറ്റ് അതോറിറ്റികൾ എന്നിവിടങ്ങളിലായി 5 ലക്ഷത്തോളം കേസുകൾ ഫയൽ ചെയ്യുന്നുണ്ട്. ആകെ 34 ലക്ഷം വക്കാലത്തുകളിലായി സ്റ്റാമ്പിനത്തിൽ 68 ലക്ഷം രൂപയും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും 20% തുകയും 6000 അംഗങ്ങളിൽനിന്നും 200 രൂപ വീതം ലഭിക്കുന്ന വാർഷിക വരിസംഖ്യയും ഉൾപ്പെടുന്നതാണ് കമ്മിറ്റിയുടെ ആകെ വരവ്. മേഖലാ ഓഫീസുകൾ അനുവദിക്കുന്നതുകൊണ്ടുണ്ടാകുന്ന അധികച്ചെലവ് ഇതിൽനിന്നും നിറവേറ്റുന്നപക്ഷം സർക്കാരിന് ഇതുമൂലമുണ്ടാകുന്ന അധിക ബാദ്ധ്യത ഒഴിവാക്കാൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

15, 16 ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച് 28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"നിർദ്ദേശങ്ങൾ സംബന്ധിച്ച് കമ്മിറ്റി സെക്രട്ടറിയുടെ അഭിപ്രായം ആരാഞ്ഞതിനു ശേഷം വേണ്ട നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുന്നതാണ്."

29-11-2011-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

''ക്ഷേമനിധി കമ്മിറ്റിയുടെ ഇപ്പോഴത്തെ മോശമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ടി ശുപാർശ നടപ്പിലാക്കിയിട്ടില്ല."

18-ാം ഖണ്ഡികയിലെ ശുപാർശ

അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് സ്റ്റാമ്പിന്റെ ലഭ്യതക്കുറവ് പലപ്പോഴും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എല്ലാ വക്കാലത്തുകളിലും സ്റ്റാമ്പ് പതിച്ചിരിക്കണമെന്ന നിബന്ധനയുള്ളപ്പോൾ ഇത് തടസ്സം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. എല്ലാ ജില്ലകളിലേയും ബാർ അസോസിയേഷനുകൾ മുഖാന്തിരം ക്ഷേമനിധി സ്റ്റാമ്പ് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"കമ്മിറ്റി ഓഫീസിൽ നിന്നും നേരിട്ടും തപാൽ മുഖേനയും സ്റ്റാമ്പ് ലഭ്യമാക്കുന്ന തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നും ബാർ അസോസിയേഷനുകൾ മുഖാന്തിരം സ്റ്റാമ്പ് വിതരണം ചെയ്യുന്നതിനുള്ള സംവിധാനത്തെപ്പറ്റി കമ്മിറ്റി ചർച്ച ചെയ്തു തീരുമാനിക്കുന്നതാണ് എന്നും കമ്മിറ്റി സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

29-11-2011-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

''നിലവിൽ ഓരോ കോടതി ആസ്ഥാനത്തുമുള്ള അഭിഭാഷകഗുമസ്തരുടെ അംഗീകൃത യൂണിറ്റ് വഴിയാണ് സ്റ്റാമ്പ് വിതരണം നടത്തുന്നത്. ഇത് നല്ല രീതിയിൽ നടന്നു വരുന്നുണ്ട്."

## 19-ാം ഖണ്ഡികയിലെ ശുപാർശ

അഭിഭാഷക ക്ഷേമനിധി സ്റ്റാമ്പുകൾക്ക് അസോസിയേഷൻ കമ്മീഷൻ നൽകി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ മാതൃകയിൽ അഡ്വക്കേറ്റ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് സ്റ്റാമ്പിനും കമ്മീഷൻ അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ക്ഷേമനിധി ഓഫീസിൽ നിന്ന് നേരിട്ടോ, തപാലിലോ സ്റ്റാമ്പുകൾ എത്തിക്കുന്നതിന്റെ ചെലവുകൾ കണക്കിലെടുത്ത് സ്റ്റാമ്പിന്റെ കാര്യത്തിൽ അസോസിയേഷനുകൾക്ക് ഒരു നിശ്ചിത ശതമാനം കമ്മീഷൻ നൽകണമെന്ന നിർദ്ദേശം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

## 28-11-2008-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"ശുപാർശയിൻമേൽ കമ്മിറ്റി ചർച്ച ചെയ്തു തീരുമാനിക്കുന്നതാണ് എന്ന് കമ്മിറ്റി സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

## 20-ാം ഖണ്ഡികയിലെ ശുപാർശ

അഡ്വക്കേറ്റ് ക്ലാർക്കായി ക്ഷേമനിധിയിൽ രജിസ്ട്രേഷൻ ലഭിച്ചവർ 7500-ലധികവും ജോലിയിൽ ഒരു വർഷം തികയാത്തവർ 10000-ത്തോളവും ക്ഷേമനിധിയിൽ ഇനി ചേരാനായി 3000-ത്തോളവും പേർ ഉണ്ട്. ഇവർക്കെല്ലാം ക്ഷേമനിധിയുടെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ മേൽ സൂചിപ്പിച്ച ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കണമെന്നും അഡ്വക്കേറ്റുമാരുടെ ഓഫീസുകളിൽ ജോലി നോക്കുന്ന ടൈപ്പിസ്റ്റുമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റേഴ്സ് എന്നിവരെക്കൂടി ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശവും പരിഗണിക്കേണ്ടതാണ്.

## 28-11-2010-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"ശുപാർശ പരിശോധിക്കുന്നതാണ്."

## 19, 20 ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച് 29-11-2011-ലെ കത്തുമുഖേനയുള്ള സർക്കാർ മറുപടി

"ഇക്കാര്യങ്ങളിൽ കമ്മിറ്റി ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല. നയപരമായ തീരുമാനം കൂടി കൈക്കൊള്ളേണ്ടതുണ്ട്."

## 17-ാം ഖണ്ഡികയിലെ ശുപാർശ

ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പിന് ഡ്യൂപ്ലിക്കേഷൻ വരുന്നതായി സമിതിക്ക് പരാതി ലഭിച്ചിട്ടുണ്ട്. ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ സീൽ അടിച്ച കോർട്ട് ഫീ സ്റ്റാമ്പ് ട്രഷറി മുഖാന്തിരം വിതരണം ചെയ്യുന്നുവെന്നാണ് സമിതി മനസ്സിലാക്കുന്നത്. എന്നിരുന്നാൽത്തന്നെയും ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ സീൽ കൃത്രിമമായി ഉണ്ടാക്കി കോർട്ട് ഫീ സ്റ്റാമ്പിന്റെ മുകളിൽ അടിക്കുന്ന പ്രവണത നിലനിൽക്കുന്നതും രണ്ടും തമ്മിൽ തിരിച്ചറിയാൻ ബുദ്ധിമുട്ടുള്ളതും കണക്കിലെടുത്ത് ഫണ്ടിൽ ചോർച്ച വരുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ മറുപടി</u>

"1. 1959-ലെ കേരള കോടതി ഫീസും വ്യവഹാര സലയും ആക്റ്റിലെ 76-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമാണ് സർക്കാർ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് എന്ന ഒരു നിധി രൂപീകരിച്ചിട്ടുള്ളത്. 1959-ലെ കേരള കോടതി ഫീസും വ്യവഹാര സലയും ആക്റ്റിലെ 76-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സിവിൽ കോടതികളും ക്രിമിനൽ കോടതികളും ഒഴികെയുള്ള ട്രിബ്യൂണലുകളുടെയും അപ്പലേറ്റ് അതോറിറ്റികളുടെയും മുൻപാകെ വരുന്ന അപ്പീലുകളുടെയും റിവിഷനുകളുടെയും മേൽ ചുമത്തി വസൂലാക്കുന്ന അധിക കോടതി ഫീസും കൂടാതെ പ്രസ്തുത ആക്റ്റിലെ (2)-ാം പട്ടികയിലെ 16-ാം അനുഛേദപ്രകാരം മുക്ത്യാർനാമ/ വക്കാലത്ത്നാമകളിൻമേൽ ചുമത്തി വസൂലാക്കുന്ന കോടതിഫീസിന്റെ 50 ശതമാനവും മേൽ ഫണ്ടിലേക്ക് വരവ് വയ്ക്കുന്നതാണ്.

2. ഓരോ വർഷവും മാർച്ച് 31-ന് ഫണ്ടിൽ ലഭ്യമായ തുക സംസ്ഥാനത്തെ ജനങ്ങൾക്ക് കാര്യക്ഷമമായ നിയമസഹായം ലഭ്യമാക്കുന്നതിനും നിയമവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സാമൂഹ്യസുരക്ഷാപദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുമായി തുല്യമായി വീതിച്ചു നൽകുന്നു.

3. കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിനുവേണ്ടി പ്രത്യേക മുദ്രകൾ പ്രിന്റു ചെയ്യുന്നതിലെ നിസ്സഹായാവസ്ഥ ഹൈദരാബാദിലെ നാസിക്കിലുള്ള ഇൻഡ്യാ സെക്യൂരിറ്റി പ്രസ്സ് അറിയിച്ചതുമൂലമാണ് കോടതി ഫീസ് സ്റ്റാമ്പിൻമേൽ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സീൽ പതിപ്പിച്ചു നൽകുന്ന രീതി അവലംബിച്ചത്.

4. ഇതിലേക്കായി 225 വെങ്കല മുദ്രകൾ, സ്റ്റാമ്പുകൾ വിൽക്കുന്ന ഡിപ്പോകൾക്കും സബ്ട്രഷറികൾക്കും കൈമാറുന്നതിനായി, ജില്ലാ ട്രഷറികൾക്ക് കൈമാറിയിരുന്നു. ഇതു കൂടാതെ എല്ലാ ട്രഷറി ഓഫീസർമാരും അവരവരുടെ അധികാരപരിധിയിൽപ്പെടുന്ന ട്രഷറികൾക്ക് കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പുകൾ വിതരണം ചെയ്യുന്നത് ഉറപ്പുവരുത്താൻ നിർദ്ദേശിക്കപ്പെടുകയും ചെയ്തു.

5. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ആറാമത് റിപ്പോർട്ടിലെ 17-ാമത്തെ ഖണ്ഡികയിലെ വെളിപ്പെടുത്തൽ പ്രകാരം കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പ് വ്യാജമായി ഉപയോഗിക്കുന്ന കാര്യം ലീഗൽ ബെനിഫിറ്റ് ഫണ്ട് സെക്ഷന്റെ ശ്രദ്ധയിലും പെട്ടിരുന്നു. അതുപ്രകാരം കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പ് വ്യാജമായി ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യത്തിൽ അടിയന്തരമായി റിപ്പോർട്ട് നൽകുവാൻ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അപ്രകാരം 2007 സെപ്റ്റംബർ 26-ാം തീയതിയിലെ 19514/ കെ.എൽ.ബി.എഫ്./07/നിയമം നമ്പർ കത്ത് പ്രകാരം ട്രഷറി ഡയറക്ടറിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായി. ഈ കാര്യം 2008 ജനുവരി 30-ാം തീയതിയിലെ ട്രസ്റ്റി കമ്മിറ്റിയുടെ 17-ാമത് യോഗത്തിൽ ഉന്നയിക്കുകയും ചെയ്തു.

6. ട്രഷറി ഡയറക്ടറുടെ 2008 മേയ് 15-ാം തീയതിയിലെ എഫ്.3/2984/98-ാം നമ്പർ കത്ത് പ്രകാരം ആറ് സബ്ട്രഷറികൾക്ക് നിയമവകുപ്പിൽ നിന്നും നൽകിയ വൃത്താകൃതിയിലുള്ള ലോഹ മുദ്രകൾക്ക് പകരം ദീർഘചതുരാകൃതിയിലുള്ള

കെ.എൽ.ബി.എഫ്. മുദ്ര പതിഞ്ഞ സീലുകൾ ട്രഷറി ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഉപയോഗിക്കുന്നതായി ട്രഷറി ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. നിയമ വകുപ്പിൽ നിന്നും വൃത്താകൃതിയിലുള്ള മുദ്ര അനുവദിച്ചതിനുശേഷവും, ട്രഷറി ഡയറക്ടറുടെ നിർദ്ദേശപ്രകാരം പല ട്രഷറികളും ദീർഘചതുരാകൃതിയിലുള്ള കെ.എൽ.ബി.എഫ്. മുദ്ര പതിഞ്ഞ സീലുകൾ ഉപയോഗിക്കുന്നതായി ഈ വകുപ്പിനെ അറിയിക്കുകയുണ്ടായി. ട്രഷറികൾ സ്വന്തമായി ദീർഘചതുരാകൃതിയിലുള്ള മുദ്രകൾ ഉപയോഗിച്ചതുമൂലം കെ.എൽ.ബി.എഫ്.-ന്റെ ഫണ്ടിൽ ഒരു കുറവും സംഭവിച്ചിട്ടില്ല എന്ന് ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7. ട്രഷറി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എൽ.ബി.എഫ്. ഫണ്ടിന്റെ വരവിലേക്കായി സർക്കാർ നൽകിയ കെ.എൽ.ബി.എഫ്. സീൽ പതിക്കാതെ മറ്റു സീലുകൾ ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണെന്നും അത് തടയുന്ന തിനാവശ്യമായ നടപടികൾ എത്രയുംവേഗം കൈക്കൊള്ളണമെന്നും 2008 ജൂലൈ മാസം 18-ാം തീയതിയിലെ കത്ത് മുഖാന്തിരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാരിൽ നിന്നും നൽകിയ കെ.എൽ.ബി.എഫ്. സീലിന്റെ പതിപ്പ് ട്രൈബ്യൂണലുകൾക്കും അപ്പലേറ്റ് അതോറിറ്റികൾക്കും എല്ലാ ഡിപ്പാർട്ട്മെന്റ് തലവൻമാർക്കും അയച്ചുകൊടുക്കുകയും സർക്കാരിൽനിന്നും നൽകിയ സീലുകളാണ് വക്കാലത്ത്നാമ/മുക്ത്യാർനാമകളിൻമേൽ പതിപ്പിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തണമെന്നും 26-10-2007-ലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്." (17-10-2008-ലെ 18335/കെ.എൽ.ബി.എഫ്./08/നിയമം നമ്പർ കത്തുമുഖേന ലഭിച്ചത്.)

പ്രസ്തുത മറുപടി 12-11-2008-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുയും കെ.എൽ.ബി.എഫ്.-ന്റെ മുദ്ര പതിഞ്ഞ ദീർഘചതുരാകൃതിയിലുള്ള സീലുകൾ ട്രഷറികൾ ഉപയോഗിക്കുന്നതുമൂലം കെ.എൽ.ബി.എഫ്.-ന്റെ ഫണ്ടിൽ കുറവ് ഉണ്ടായിട്ടില്ലെന്ന് കണ്ടെത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് സമിതിയെ അറിയിക്കണ മെന്നും സീൽ ഉണ്ടാക്കുന്നതിനുള്ള അഡ്വാൻസ്ഡ് ഡിവൈസ് ഉണ്ടോ എന്ന് ആരായാനും നിർദ്ദേശിച്ചു. സമിതി നിർദ്ദേശപ്രകാരം ആവശ്യപ്പെട്ടതിന് 25-5-2009-ലെ 18335/കെ.എൽ.ബി.എഫ്./08/നിയമം നമ്പർ കത്തുമുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"കെ.എൽ.ബി.എഫ്.-ന്റെ മുദ്ര പതിഞ്ഞ ദീർഘചതുരാകൃതിയിലുള്ള സീലുകൾ ട്രഷറികൾ ഉപയോഗിച്ചതുമൂലം കെ.എൽ.ബി.എഫ്.-ന്റെ ഫണ്ടിൽ കുറവ് ഉണ്ടായിട്ടില്ല എന്ന് പറയാൻ കാരണം അപ്രകാരം ദീർഘചതുരാകൃതിയിലുള്ള സീലുകൾ ട്രഷറികൾ ഉപയോഗിച്ചിരുന്ന സമയത്ത് ടി തുക, ട്രഷറി ഡയറക്ടറുടെ നിർദ്ദേശപ്രകാരം ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ ഹെഡിലേക്കാണ് വരവ് വച്ചിരുന്നത് എന്നുള്ളതുകൊണ്ടാണ്.

കെ.എൽ.ബി.എഫ്.-ന്റെ സീൽ പതിപ്പിക്കുന്നതിനുള്ള 225 വെങ്കലമുദ്രകൾ സ്റ്റേഷനറി വകുപ്പിൽ നിന്നാണ് നിയമ വകുപ്പ് ലഭ്യമാക്കിയിട്ടുള്ളത്. സീൽ ഉണ്ടാക്കുന്നതിനുള്ള അഡ്വാൻസ്ഡ് ഡിവൈസ് ഒന്നും ഇല്ല എന്നുള്ള വിവരവും അറിയിച്ചുകൊള്ളുന്നു."

14-10-2009-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി അംഗീകരിക്കുകയുണ്ടായെങ്കിലും കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിന്റെ വ്യാജമുദ്രയുടെ ഉപയോഗം സംബന്ധിച്ച ശുപാർശയ്ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും, വ്യാജമുദ്ര കണ്ടെത്തിയോ എന്നും എങ്കിൽ ഇതു തടയാൻ ഫലപ്രദമായ എന്തെങ്കിലും നടപടി സ്വീകരിച്ചോ എന്നും ആരായാൻ നിർദ്ദേശിച്ചു. സമിതി നിർദ്ദേശപ്രകാരം ആവശ്യപ്പെട്ടതിന് 26-6-2010-ലെ 18335/ കെ.എൽ.ബി.എഫ്.1/08/നിയമം നമ്പർ കത്തുമുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി താഴെപ്പറയും പ്രകാരമാണ്:

"കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പിൽ സർക്കാർ നൽകിയ മുദ്ര അല്ലാതെ മറ്റു മുദ്രകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പിൽ വ്യാജമുദ്രയുടെ ഉപയോഗം തടയുന്നതിലേക്കായി സർക്കാർ തന്നെ നിർമ്മിച്ചു നൽകിയ വെങ്കല മുദ്രകൾ തന്നെ സ്റ്റാമ്പുകൾ വിൽക്കുന്ന ഡിപ്പോകളിലും സബ്ട്രഷറികളിലും ഉപയോഗിക്കണമെന്ന നിർദ്ദേശം ട്രഷറികൾക്ക്, ട്രഷറി ഡയറക്ടർ മുഖാന്തിരം നൽകിയിട്ടുണ്ട്. കൂടാതെ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പുകൾ സ്വീകരിക്കുന്ന ട്രൈബ്യൂണലുകൾക്കും അപ്പലേറ്റ് അതോറിറ്റികൾക്കും എല്ലാ ഡിപ്പാർട്ട്മെന്റ് തലവൻമാർക്കും സർക്കാരിൽ നിന്നും നൽകിയ സീലിന്റെ പകർപ്പുകൾ അയച്ചുകൊടുക്കുകയും, അത്തരത്തിലുള്ള സീലാണ് വക്കാലത്ത് നാമകളിലും മുക്ത്യാർനാമകളിലും പതിച്ചിരിക്കുന്നത് എന്ന് ഉറപ്പ് വരുത്തണമെന്നും അല്ലാത്തവ സ്വീകരിക്കരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ നൽകിയ നിർദ്ദേശങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ട്രൈബ്യൂണലുകളിലും അപ്പലേറ്റ് അതോറിറ്റികളിലും മറ്റും നിയമ (കെ.എൽ.ബി.എഫ്.) വകുപ്പ് പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്."

10-11-2011-ൽ ചേർന്ന സമിതിയോഗം പ്രസ്തുത മറുപടി പരിഗണിക്കുകയും സർക്കാരിന്റെ വിശദീകരണം തൃപ്തികരമല്ലെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പിൽ സർക്കാർ നല്കിയ മുദ്ര അല്ലാതെ വ്യാജമുദ്രകൾ ഏത് സാഹചര്യത്തിലാണ് ഉപയോഗിച്ചതെന്നും, വ്യാജമുദ്രയുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടപ്പോൾ അതുപയോഗിച്ചവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും സംബന്ധിച്ച അധിക വിവരം ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. അപ്രകാരം ആവശ്യപ്പെട്ടതിന് 24-6-2011-ലെ 2015/കെ.എൽ.ബി.എഫ്.1/11/നിയമം നമ്പർ കത്തു മുഖേന സർക്കാർ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

"ഈ വിഷയത്തിൽ ട്രഷറി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നതും 20-4-2011-ലെ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ കേരള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പുകളിൽ പതിക്കുന്നതിന് നിയമ വകുപ്പിൽ നിന്നും നിർമ്മിച്ച് നൽകിയ സീലുകൾക്ക് പകരം മറ്റു തരത്തിലുള്ള സീലുകൾ ചില ട്രഷറികളിൽ മാറി ഉപയോഗിച്ചിരുന്നതായും അതേത്തുടർന്ന് നിർബന്ധമായും സർക്കാർ ഇതിലേക്കായി

അനുവദിച്ച സീലുകൾ തന്നെ ഉപയോഗിക്കണമെന്നും സ്റ്റാമ്പിന്റെ തുക 0030-01-800-99-ൽ തന്നെ വരവു വയ്ക്കണമെന്നു നിർദ്ദേശിച്ചിരുന്നതായും കൂടാതെ ട്രഷറികളിൽ സീലുകൾ മാറി ഉപയോഗിച്ചത് വഴി ടി ഫണ്ടിൽ വരവു വയ്ക്കേണ്ടതായ തുകയിൽ യാതൊരു വ്യത്യാസവും വന്നിട്ടില്ലെന്നും നിലവിൽ സർക്കാർ അനുവദിച്ച സീലുകളാണ് ഉപയോഗിക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

ചില ട്രഷറികളിൽ സർക്കാർ ഇതിലേക്കായി നിർമ്മിച്ചു നൽകിയ വെങ്കല മുദ്രകൾക്കു പകരം ട്രഷറികളിൽ ഉപയോഗിച്ചു വന്നിരുന്ന പഴയ സീലുകൾ മാറി ഉപയോഗിച്ചതാണ് ഈ വിഷയത്തിൽ പൊരുത്തക്കേടുണ്ടാക്കിയിട്ടുള്ളത് എന്നും അല്ലാതെ ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പുകളിൽ വ്യാജമുദ്ര പതിപ്പിച്ച സാഹചര്യം ട്രഷറികളിൽ ഉണ്ടായിട്ടില്ല എന്നും സീലുകൾ മാറി ഉപയോഗിച്ചതു കാരണം ഫണ്ടിൽ വരവ് വയ്ക്കേണ്ട തുകയിൽ യാതൊരു വ്യത്യാസവും സംഭവിച്ചിട്ടില്ല എന്നും പ്രസ്തുത റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കൂടാതെ എല്ലാ ട്രഷറികളിലും സർക്കാർ ഇതിലേക്കായി നിർമ്മിച്ചു നൽകിയ വെങ്കല സീലുകൾ തന്നെയാണ് ഉപയോഗിച്ചു വരുന്നതെന്നും അറിയിക്കുന്നു.

സീലുകൾ മാറി ഉപയോഗിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് തടയുന്നതിനുവേണ്ടി ട്രഷറി ഡയറക്ടറും നിയമ (കെ.എൽ.ബി.എഫ്.) വകുപ്പും താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിരുന്നു:

(i) ഈ വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ദക്ഷിണമേഖല/മദ്ധ്യമേഖല ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ട്രഷറി ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു.

(ii) സർക്കാർ ഇതിലേക്കായി നിർമ്മിച്ചു നൽകിയ വെങ്കല സീലുകൾ എല്ലാ ജില്ലാ ട്രഷറി ആഫീസർമാർക്കും വിതരണം ചെയ്തിരുന്നതും പ്രസ്തുത സീലുകൾ മാത്രമേ ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പുകളിൽ പതിപ്പിക്കുവാൻ പാടുള്ളൂ എന്നും ടി സ്റ്റാമ്പുകളുടെ തുക 0030-01-800-99 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെ വരവ് വയ്ക്കേണ്ടതാണ് എന്ന് ട്രഷറി ഡയറക്ടർ എല്ലാ ട്രഷറി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിരുന്നു.

(iii) ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പുകൾ സ്വീകരിക്കുന്ന ട്രൈബ്യൂണലുകൾക്കും അപ്പലേറ്റ് അതോറിറ്റികൾക്കും മറ്റു വകുപ്പു തലവൻമാർക്കും സർക്കാർ നിർമ്മിച്ചു നൽകിയ വെങ്കല സീലുകളുടെ പകർപ്പ് അയച്ചുകൊടുക്കുകയും അപ്രകാരമുള്ള സീലാണ് ടി സ്റ്റാമ്പുകളിൽ പതിപ്പിച്ചിരിക്കുന്നത് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തണമെന്നും അല്ലാത്തവ സ്വീകരിക്കരുത് എന്നും ഈ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു."

പ്രസ്തുത മറുപടി 17-11-2011-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**സമിതിയുടെ തുടർനിർദ്ദേശങ്ങൾ**

സമിതിയുടെ ശുപാർശകളിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തിയതിന്റെയും വെളിച്ചത്തിൽ സമിതി താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു:

1. അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 272/11 എന്ന നമ്പർ എസ്.ആർ.ഒ. ആയി ചട്ടം ഭേദഗതി ചെയ്തിട്ടുണ്ടെന്നും, 2012 നവംബർ മാസം മുതൽ പ്രാബല്യം നല്കിക്കൊണ്ട് പെൻഷൻ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും 30-11-2011-ലെ തെളിവെടുപ്പ് യോഗത്തിൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചിരുന്നു. പ്രസ്തുത പെൻഷൻ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2. ക്ഷേമനിധിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് സ്വന്തമായി വീട് നിർമ്മിക്കുന്നതിനും, ഇപ്പോൾ താമസിക്കുന്ന വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ആവശ്യമായ ഭവന വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ കുട്ടികളുടെ ഉപരിപഠനത്തിന് ലളിതമായ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നും, എസ്.എസ്.എൽ.സി. പരീക്ഷ മുതൽ എല്ലാ പരീക്ഷകൾക്കും ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന രണ്ട് കുട്ടികൾക്ക് ഓരോ ജില്ലയിലും ക്യാഷ് അവാർഡ് നല്കുന്നതിനുളള നടപടി ക്ഷേമനിധി പദ്ധതിയിലൂടെ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

4. ക്ഷേമനിധി കമ്മിറ്റിക്ക് മേഖലാ ഓഫീസുകൾ സ്ഥാപിക്കുന്നതിന്റെ പ്രായോഗിക വശങ്ങൾ പരിശോധിച്ച് യുക്തമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

5. ക്ഷേമനിധി ഓഫീസിൽ നിന്ന് നേരിട്ടോ, തപാലിലോ സ്റ്റാമ്പുകൾ എത്തിക്കുന്നതിന്റെ ചെലവുകൾ കണക്കിലെടുത്ത് സ്റ്റാമ്പിന്റെ കാര്യത്തിൽ അസോസിയേഷനുകൾക്ക് ഒരു നിശ്ചിത ശതമാനം കമ്മീഷൻ നല്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

6. അഡ്വക്കേറ്റുമാരുടെ ഓഫീസുകളിൽ ജോലി നോക്കുന്ന ടൈപ്പിസ്റ്റുമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റേഴ്സ് എന്നിവരെക്കൂടി ഈ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 മാർച്ച്, 21.